എം 2/268145/2021/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസ്
**തിരുവനന്തപുരം**, തീയതി. **08.11.2021.**
**ഫോൺ: 0471-2580595;**

## വിജ്ഞാപനം

വിഷയം:- പൊതു വിദ്യാഭ്യാസം - ഡിപ്ളോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ കോഴ്സ് (ഡിപ്പാർട്ട്മെന്റ് ക്വാട്ട) -2021 -2023 -അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച് -

2021-2023 അദ്ധ്യയന വർഷത്തെ ഡിപ്ളോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ കോഴ്സിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് ക്വാട്ടാ മുഖേന തെരെഞ്ഞെടുക്കുന്നതിന് വേണ്ടി താഴെ സൂചിപ്പിച്ചിരിക്കുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

1) (എ). സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ട്രെയിനിംഗ് യോഗ്യത നേടിയിട്ടില്ലാത്ത എൽ.പി.എസ്.എ/യു.പി.എസ്.എ,/ ജൂനിയർ ലാംഗ്വേജ് അദ്ധ്യാപകർ/ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ

(ബി) 5 വർഷം സർവ്വീസും, പ്ലസ് ടു വിന് 50% മാർക്കും നേടിയ വിദ്യാഭ്യാസ വകുപ്പിൽ ജോലി നോക്കുന്ന അനദ്ധ്യാപകർക്കും (ഫുൾടൈം) 5 സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

(സി.) അംഗീകൃത ടീച്ചിംഗ് സർവ്വീസ് ഇല്ലാത്തവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ഡി) ട്രെയിംനിഗ് കാലയളവിൽ സ്റ്റൈഫന്റിനോ സബ്സിസ്റ്റൻസ് അലവൻസിനോ അർഹത ഉണ്ടായിരിക്കുന്നതല്ല.

2.) അപേക്ഷാ ഫാറത്തിലെ എല്ലാ കോളങ്ങളും കൃത്യമായും വ്യക്തമായും പൂരിപ്പിക്കേണ്ടതാണ്. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ, മതിയായ രേഖകൾ പ്രകാരം പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തിയതിനുശേഷം മാത്രം ഈ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

3.) ലഭ്യമാകുന്ന എല്ലാ അപേക്ഷകളും അതത് ഉപജില്ല/ജില്ലാ വിദ്യാഭ്യാസ ആഫീസർ പരിശോധിച്ച് മേലൊപ്പ് പതിച്ച് **23.11.2021** തീയതിക്കകം **പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്, ജഗതി, തിരുവനന്തപുരം** എത്തിക്കേണ്ടതാണ്. മേലൊപ്പ് പതിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല

പരിഗണിക്കാത്ത അപേക്ഷകളെ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ യാതൊരുവിധ കത്തിടപാടുകളും നടത്തുന്നതല്ല.

ട്രെയിനിംഗ് കാലയളവ് 2 വർഷം ആണ്. സർവ്വീസ് കാലയളവിന്റേയും ലഭ്യമായ സീറ്റുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗവ./എയ്ഡഡ് അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലേയ്ക്കാണ് അപേക്ഷകരെ തെരെഞ്ഞെടുക്കുന്നത്.

തെരെഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ ട്രെയിംനിംഗ് കാലയളവിൽ എപ്പോഴെങ്കിലും ട്രെയിനിംഗിന് യോഗ്യരല്ല എന്ന് കണ്ടെത്തിയാൽ, സെലക്ഷൻ റദ്ദു ചെയ്യുന്നതിനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ട്രെയിംനിംഗ് കാലയളവിലേയ്ക്ക് അർഹതപ്പെട്ട ലീവ് എടുക്കേണ്ടതാണ്.

അപേക്ഷയുടെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അതത് ഉപജില്ല/ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷ മാതൃകയും, വിജ്ഞാപനവും എല്ലാ സ്കൂളുകളിലേയ്ക്കും അയച്ചുകൊടുക്കേണ്ടതാണ്. വൈകികിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഓരോ കോഴ്സിന്റേയും ആകെ സീറ്റിൽ 20% വകുപ്പുതല ക്വാട്ടയാണ്. വകുപ്പ് തല ക്വാട്ടയ്ക്ക് വേണ്ടത്ര അപേക്ഷകൾ ഇല്ലാത്ത പക്ഷം ആയത് പൊതു ക്വാട്ട പ്രകാരം നികത്തുന്നതാണ്. സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരമാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. അദ്ധ്യാപകർക്കും, അനദ്ധ്യാപകർകർക്കും വെവ്വേറെ റാങ്കുലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. തിരഞ്ഞെടുപ്പിൽ അദ്ധ്യാപകർക്കായിരിക്കും മുൻഗണന,

**ജീവൻ ബാബു കെ ഐ.എ.എസ്**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:-

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. സെക്രട്ടറി, പരീക്ഷാഭവൻ പൂജപ്പുര, തിരുവനന്തപുരം
5. എല്ലാ പ്രധാനാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
6. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്:-

കരുതൽ ഫയൽ

അനുബന്ധം

നോട്ടിഫിക്കേഷൻ നം. എം2/268145/2021/ഡി.ജി.ഇ. തീയതി. 08.11.2021

ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ കോഴ്സ് -2021 - 2023

(ഡിപ്പാർട്ട്മെന്റ് ക്വാട്ട)

## അപേക്ഷ ഫാറം

1. അപേക്ഷകന്റെ പേര് :
(പെൻ നം., ആധാർ നം.,ഇ-മെയിൽ ഐഡി.,
ഫോൺ നം.)

2. ജനനതീയതി. :
3. ആൺ/പെൺ/ഭിന്നലിംഗം : :

4 വിദ്യാഭ്യാസ യോഗ്യതയും മാർക്കിന്റെ ശതമാനവും

5. നിലവിൽ ജോലി നോക്കി വരുന്ന തസ്തിക
സ്കൂൾ/ഓഫീസിന്റെ പേരും മേൽവിലാസവും
(പിൻകോഡ്,ഫോൺ നമ്പർ,ഇ-മെയിൽ,ഐ.ഡി :
എന്നിവ ഉൾപ്പെടെ)

6. വിദ്യാഭ്യാസ ജില്ല/വിദ്യാഭ്യാസ ഉപജില്ല :

7 സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം ജോലിയിൽ :
പ്രവേശനം നേടിയ ആൾ ആണോ.

8. മുൻ വർഷങ്ങളിൽ ട്രെയിംനിംഗിന്
തെരെഞ്ഞെടുക്കപ്പെട്ട ആൾ ആണോ

9. ഓർഡർ നമ്പർ & തീയതി. :

10. ആകെ സർവ്വീസ് (31.03.2021 വരെ) :

11. പഠിക്കുവാൻ ആഗ്രഹിക്കുന്ന ട്രെയിംനിംഗ് സെന്ററിന്റെ പേര്.

12. പഠിക്കുവാൻ ഉദ്ദേശിക്കുന്ന മീഡിയം (മലയാളം :
തമിഴ്/കന്നട)

സ്ഥലം :
തീയതി

അപേക്ഷകന്റെ ഒപ്പ്, തീയതി

സത്യവാങ്മൂലം

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധിപ്പിക്കുന്നു. കൂടാതെ എന്നെ ട്രെയിനിംഗിന് തെരെഞ്ഞെടുക്കപ്പെട്ടാൽ യാതൊരു കാരണവശാലും സെലക്ഷൻ റദ്ദു ചെയ്യുവാൻ ആവശ്യപ്പെടുകയില്ല എന്നും ജി.ഒ.(പി) നം.217/05/ഫിൻ. തീയതി.11.05.2005 ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തുന്നു..

അപേക്ഷകന്റെ ഒപ്പും തീയതിയും

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ സത്യസന്ധമാണെന്നും, സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

പ്രധാനാദ്ധ്യാപകന്റെ ഒപ്പും തീയതിയും
സ്കൂൾ /ഓഫീസിന്റെ പേര്

മേലൊപ്പ്

വിദ്യാഭ്യാസ ഉപഡയറക്ടർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ